# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.36/PR/PIC/PHQ/17 Date : 21.02.2017

---

## എല്ലാ പോലീസ് സ്റ്റേഷനിലും ജനമൈത്രി പദ്ധതി ഇന്നുമുതൽ (22.02.17)

കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഇന്ന് വൈകിട്ട് ആറുമണിക്ക് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

നിയമപാലനത്തിലും മറ്റ് പോലീസ് പ്രവർത്തനങ്ങളിലും പൊതുജന സഹകരണവും ഒത്തുചേർന്നുള്ള പ്രവർത്തനവും ലക്ഷ്യമിടുന്ന ജനമൈത്രി സുരക്ഷാപദ്ധതി 2008ലാണ് സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയത്. പരീക്ഷണാടിസ്ഥാനത്തിൽ 20 പോലീസ് സ്റ്റേഷനുകളിൽ തുടങ്ങിയ പദ്ധതി വിജയമായതിനെ തുടർന്ന് 267 ഓളം പോലീസ് സ്റ്റേഷനുകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചിരുന്നു. ഇപ്പോൾ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ്.

പ്രഖ്യാപനച്ചടങ്ങിൽ വൈദ്യുതി-ദേവസ്വം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിക്കും. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ഡോ.കെ.ടി.ജലീൽ മുഖ്യാതിഥിയായിരിക്കും. ജനമൈത്രി ബോധവത്കരണ ഹ്രസ്വചിത്രത്തിന്റെ പ്രകാശനം മേയർ അഡ്വ.വി.കെ. പ്രശാന്തും, ജനമൈത്രി ജേർണലിന്റെ പ്രകാശനം എം.എൽ.എ. കെ.മുരളീധരനും പ്രോജക്ട് മിഷൻ പ്രഖ്യാപനം മുൻ ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണനും നിർവഹിക്കും. ചടങ്ങിൽ ചലച്ചിത്ര താരം സുരാജ് വെഞ്ഞാറമുട്, ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറി നളിനി നെറ്റോ, മുൻ ഡി.ജി.പി.മാരായ രമൺ ശ്രീവാസ്തവ, ജേക്കബ് പുന്നൂസ്, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, സൗത്ത് സോൺ എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം തുടങ്ങിയവർ സംബന്ധിക്കും.

ഇതോടനുബന്ധിച്ച് സ്വസ്ഥി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ആർ.സി.സി, നേത്രരോഗ വിഭാഗം, ഹൃദ്രോഗം, ന്യൂറോളജി വിഭാഗത്തിലെ പ്രഗത്ഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ രോഗനിർണ്ണയം, ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം-പ്രശ്നവും പ്രതിവിധിയും, പുകയില

ഉത്പന്നങ്ങളുടെ ദുരുപയോഗം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, കുട്ടികളോടുള്ള  ഉത്തരവാദിത്തം, സ്ത്രീകളുടെയും കുട്ടികളുടെയും പരിരക്ഷ, ട്രൈബൽ ജനമൈത്രി പദ്ധതി, തീര സുരക്ഷ, മുതിർന്ന പൗരൻമാരുടെയും അന്യസംസ്ഥാന തൊഴിലാളികളുടെയും ക്ഷേമപദ്ധതികൾ, സോഫ്റ്റ്, ബേസിക് പോലീസിങ് തുടങ്ങിയ വിഷയങ്ങളിൽ പ്രദർശനവും ഉണ്ടാകും.

********